**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3281** 15-02-2024 - ൽ മറുപടിയ്ക്ക്

**തിരുവനന്തപുരം - നെയ്യാർഡാം റോഡിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന റോഡ് വികസന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം-നെയ്യാർഡാം റോഡിൽ ചുണ്ടുപലക മുതൽ കള്ളിക്കാട് വരെയുള്ള പ്രദേശത്ത് റോഡ് വികസനവുമായി ബന്ധപ്പെട്ട് ഇപ്പോൾ നടന്നു വരുന്നതും ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ വിവിധ പദ്ധതികളുടെ തുക ഉൾപ്പെടെയുള്ള വിശദാംശങ്ങൾ നൽകാമോ? | (എ) | കെ.ആർ.എഫ്.ബി – പി.എം.യു വിന് കീഴിൽ വരുന്ന കിഫ്ബി റോഡ് പ്രവൃത്തികളിൽ ഉൾപ്പെട്ട തിരുവനന്തപുരം – നെയ്യാർ ഡാം റോഡിൽ ചുണ്ടുപലക മുതൽ കള്ളിക്കാട് വരെയുള്ള പ്രദേശത്ത് റോഡ് വികസനത്തിന് 16/09/2019 ൽ കിഫ്ബിയിൽ നിന്നും 58.93 കോടിയുടെ സാമ്പത്തിക അനുമതി നൽകിയിരുന്നു. ഈ റോഡിന്റെ അലൈൻമെന്റ് തയ്യാറാക്കി സ്ഥലമേറ്റെടുക്കലിനായി ജില്ലാ കളക്ടർക്ക് അർത്ഥന നൽകി, 6(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ റോഡിൽ അതിർത്തിക്കല്ലുകൾ സ്ഥാപിക്കുകയും 4(1) വിജ്ഞാപനത്തിനുള്ള തുടർ നടപടികൾക്കായി റവന്യൂ അധികൃതരോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കൂടാതെ റോഡിലെ വാട്ടർ അതോറിറ്റി പ്രവൃത്തി വൈകുന്നതും, സ്ഥലം ഏറ്റെടുക്കൽ പ്രവൃത്തികൾക്ക് കാലതാമസം നേരിടുന്നതും, പദ്ധതിയുടെ ഡിസൈൻ അന്തിമം ആവാത്തതും, റോഡിന്റെ നിലവിലുണ്ടായിരുന്ന ശോചനീയാവസ്ഥയും കണക്കിലെടുത്ത് റോഡിന്റെ ബി.സി ഓവർലേ പ്രവൃത്തിയ്ക്കായി 3.5 കോടിയുടെ അധിക സാമ്പത്തിക അനുമതി 02/06/2022 ലെ ഉത്തരവ് പ്രകാരം കിഫ്ബി നൽകുകയുണ്ടായി. തുടർന്ന് പ്രവൃത്തി ടെണ്ടർ ചെയ്ത് 14/03/2023-ൽ എഗ്രിമെന്റ് വെച്ച് ആരംഭിച്ചു. നിലവിൽ പ്രവൃത്തി 50 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്.<br><br>കിഫ്ബി എക്സിക്യൂട്ടീവ് ഡയറക്ടർ 12/10/2023 ൽ നൽകിയ വിവിധ കാരണങ്ങളാൽ താത്കാലികമായി മരവിപ്പിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ ലിസ്റ്റിൽ പ്രസ്തുത പദ്ധതിയും ഉൾപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ